**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2409** **15-10-2024 - ൽ മറുപടിയ്ക്ക്**

**ഫാമിലി പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ശാരീരിക വൈകല്യമോ മാനസിക വെല്ലുവിളിയോ നേരിടുന്നവർക്ക് മാതാപിതാക്കളുടെ ഫാമിലി പെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ടോ; വിശദമാക്കുമോ; ഇതുമായി ബന്ധപ്പെട്ട് ധനകാര്യ പെൻഷൻ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (എ) | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് മാതാപിതാക്കളുടെ കുടുംബപെൻഷൻ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് മാർഗ്ഗനിർദേശങ്ങൾ ഉൾക്കൊള്ളിച്ച കൊണ്ട് സ.ഉ(അ)നം.59/2024/ധന തീയതി 22.07.2024 ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ധനകാര്യ പെൻഷൻ വകുപ്പ് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ബി) | മുൻകാലങ്ങളിൽ പെൻഷൻ ലഭിക്കേണ്ടവർക്ക് വരുമാന പരിധിയും പ്രായപരിധിയും നിശ്ചയിച്ചിരുന്നോയെന്നും ഇപ്പോൾ എപ്രകാരമാണ് നിജപ്പെടുത്തിയിരിക്കുന്നതെന്നും ഇത്തരത്തിൽ വരുമാന പരിധി നിശ്ചയിക്കാനുണ്ടായ സാഹചര്യമെന്തെന്നും വിശദമാക്കുമോ; | (ബി) | മാനസിക വൈകല്യമുള്ള മക്കൾക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നതിനായി 09.10.2003 ലെ G.O(P) NO.526/2003/Fin ൽ അനുബന്ധമായി ചേർത്തിട്ടുള്ള നിശ്ചിത മാതൃകയിലുള്ള മെഡിക്കൽ ബോർഡിൽ നിന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ് എന്ന് കെ എസ് ആർ ഭാഗം III -ൽ വ്യവസ്ഥ ചെയ്യുന്നു. കെ എസ് ആർ ഭാഗം III ചട്ടം 90(7) clause (iv) പ്രകാരം ഭിന്നശേഷിക്കാരുടെ മക്കൾക്ക് സ്വന്തമായി വരുമാനം ആർജിക്കാൻ മാർഗ്ഗങ്ങൾ ഒന്നും ഇല്ലായെന്നു സമർഥിക്കുന്നതിനായാണ് ഇപ്രകാരമുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നത്. കുടുംബ പെൻഷന്റെ ആനുകൂല്യം വരുമാനരഹിതരായ ഭിന്നശേഷിക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തുക എന്ന ഉദ്ദേശപ്രകാരമാണ് പ്രസ്തുത മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭ്യമാക്കണമെന്നു സർക്കാർ നിഷ്കർഷിക്കുന്നത്. സാമൂഹ്യനീതി വകുപ്പിൽ നിന്നുള്ള 22/06/2023 ലെ ബി3/5/2023/സാ.നി.വ സർക്കുലർ പ്രകാരം ഭിന്നശേഷിക്കാർക്കായുള്ള ഏകീകൃത തിരിച്ചറിയൽ കാർഡ് (UDID- Unique Disability Identity Card) സർക്കാർ ആനുകൂല്യങ്ങൾക്കുള്ള ആധികാരിക രേഖയായി അംഗീകരിച്ചു കൊണ്ട് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ UDID കാർഡ് ഭിന്നശേഷിക്കാർക്ക് കുടുംബപെൻഷൻ അനുവദിക്കുന്നതിനുള്ള |

| | | | |
|---|---|---|---|
| | | | ആധികാരിക രേഖയായി അംഗീകരിക്കണം എന്ന ആവശ്യം സർക്കാർ പരിശോധിക്കുകയും ഈ അവസരത്തിൽ ഭിന്നശേഷിക്കാരുടെ അവകാശ നിയമം, 2016 റൂൾ 24 (1) g വ്യവസ്ഥ (Further rule 24(1)(g) stipulates that disability pension to persons with disabilities subject to such income ceiling as may be notified) കൂടി കണക്കിലെടുത്തു സർക്കാർ ജീവനക്കാരുടെ ആശ്രിതരായ ശാരീരിക വൈകല്യമുള്ള / മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക് കുടുംബ പെൻഷൻ അനുവദിക്കുന്നതിന് മാർഗ്ഗനിർദേശങ്ങൾ ഉൾക്കൊള്ളിച്ചു കൊണ്ട് സ.ഉ(അ)നം.59/2024/ധന തീയതി 22.07.2024 ഉത്തരവ് പുറപ്പെടുവിച്ചത് . |
| (സി) | ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി 25 വയസ്സിന് മേലുള്ള അവിവാഹിതരായ പെൺമക്കൾക്ക് എപ്രകാരമാണ് വരുമാനപരിധി നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഇത് പരിഷ്കരിച്ചതിന്റെ വിവരങ്ങൾ നൽകാമോ; | (സി) | 28.04.2015 ലെ സ.ഉ (പി) നം 155/2016/ധന പ്രകാരം 25 വയസ്സിനു മുകളിലുള്ള അവിവാഹിതകളായ പെൺമക്കൾ /മാതപിതാക്കൾ എന്നിവർക്ക് കുടുംബ പെൻഷനു അർഹത നേടുന്നതിനുള്ള വരുമാന പരിധി പ്രതിവർഷം 30,000 രൂപയായിരുന്നു. ആയത് പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ മിനിമത്തിന്റെ 30 % എന്ന നിലയിലാണ് പരിഷകരിച്ചിരിക്കുന്നത്. 8500- 13210 എന്ന സ്കെയിലിന്റെ മിനിമത്തിന്റെ 30 %ത്തിന്റെ വാർഷിക നിരക്ക് 8500 X 30/100 X 12 =30600 Rounded to 30000/-<br><br>28.04.2015 ലെ സ.ഉ (പി) നം 155/2016/ധന എന്ന ഉത്തരവിന് ശേഷം രണ്ട് പെൻഷൻ റിവിഷനുകൾ നടക്കുകയുണ്ടായി. (1) 20.01.2016ലെ സ.ഉ (പി) നം 07/2016/ധന (2). 10.02.2021ലെ സ.ഉ (പി) നം 27/2021/ധന. 20.01.2016ലെ സ.ഉ (പി) നം 07/2016/ധന എന്ന ഉത്തരവ് പ്രകാരം പരിഷ്കരിച്ച ശമ്പള സ്കെയിലിന്റെ മിനിമം 16,500 ആണ്. ആയത് പ്രകാരം കുടുംബ പെൻഷന്റെ പ്രതിവർഷ വരുമാന പരിധി **60,000 (16500*30*12 = 59400 rounded to 60,000/-)** രൂപയാക്കി **01.08.2021** മുതൽ 21/09/2021 ലെ സ.ഉ(അ)നം.127/2021/ധന ഉത്തരവ് പ്രകാരം വർദ്ധിപ്പിച്ചത്. |
| (ഡി) | ശാരീരിക വൈകല്യമോ മാനസിക വെല്ലുവിളിയോ നേരിടുന്നവർക്കും 25 വയസ്സിന് മേലുള്ള അവിവാഹിതരായ പെൺമക്കൾക്കും മാതാപിതാക്കളുടെ ഫാമിലി പെൻഷൻ ലഭിക്കുന്നതിനായി നിശ്ചയിക്കപ്പെട്ട വരുമാനപരിധി വളരെ കുറവാണെന്നതിനാൽ ആയത് പുതുക്കി നിശ്ചയിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കാമോ? | (ഡി) | ഭിന്നശേഷി പെൻഷൻ ഉൾപ്പെടെയുള്ള വിവിധ സാമൂഹ്യക്ഷേമ പെൻഷനായ 1600 /- പ്രതിമാസം നല്കുന്നതിലേക്കായി നിലവിലെ വരുമാന പരിധി G.O(Ms)No.97/2020/Fin ഉത്തരവ് പ്രകാരം ഒരു ലക്ഷം രൂപയാണ്. ടി സാഹചര്യം കണക്കിലെടുത്തും അനർഹരായവർ കുടുംബ പെൻഷൻ കൈപ്പറ്റുന്നത് തടയുന്നതിനായുമാണ് ജീവിത കാലം മുഴുവൻ നൽകേണ്ട കുടുംബ പെൻഷൻ |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നതിലേക്കായി സർക്കാർ നിലവിൽ ഈ വ്യവസ്ഥ കൊണ്ടു വന്നത്. വിവിധ മേഖലകളിൽ നിന്നും പ്രസ്തുത ഉത്തരവിലെ വരുമാന പരിധി വ്യവസ്ഥയ്ക്കെതിരെ നിവേദനങ്ങൾ സർക്കാരിൽ ലഭ്യമായിട്ടുള്ളതിനെ തുടർന്ന് കുടുംബപെൻഷൻ അനുവദിക്കുന്നതിന് 60,000/- രൂപയായി വാർഷിക വരുമാനപരിധി നിശ്ചയിച്ചത് പുനപരിശോധിക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

**GOVERNMENT OF KERALA**

**Abstract**

Family pension to physically disabled/ mentally challenged children - Applicability of permanent UDID card - Orders Issued.

---

**FINANCE [PENSION-B] DEPARTMENT**

**G.O.(P)No.59/2024/FIN** **Dated, Thiruvananthapuram, 22-07-2024**

---

Read:- (1) G.O.(P)No.526/2003/Fin dated 09/10/2003.

(2) Letter No.PM/2/6-44/2022-23/222 from Accountant General dated 14/02/2023.

(3) Letter No.PM/2/6-44/18-19/17 from Accountant General dated 09/05/2023.

(4) G.O.(P)No.127/2021/Fin dated 21/09/2021.

(5) Circular No.B3/5/2023/SJD dated 22/06/2023.

**ORDER**

Rule 90(7) of KSRs Part III provides that if son or daughter of a Government employee is suffering from disorder or disability of mind or physically crippled or disabled so as to render him or her unable to earn his living even after the age of 25 years, family pension shall be payable to such son or daughter for life subject to certain conditions. Government vide order read 1st above had prescribed a format of Medical Certificate for determining the eligibility of Family Pension for life to the Mentally/ Physically disabled children which was incorporated as Annexure III to Rule 90 Part III KSR.

2. As per letters read above the Accountant General sought clarification regarding sanctioning family pension to special categories coming under Rule 90(6) Part III KSR and the applicability of Medical certificate to disabled children. It was also informed that certain Sanctioning authorities instead of medical certificate appended as Annexure III to Rule 90(7) of KSR Part III, are producing permanent disability certificate issued by Ministry of Social Justice and Empowerment, Government of India, Department of Empowerment of

persons with Disabilities. Hence Accountant General has requested to clarify whether such certificate may also be accepted for authorizing family pension in eligible cases and whether holder of above permanent disability certificate could be exempted from producing the Medical Certificate from Civil surgeons every three years.

3. Government have examined the matter in detail. UDID Card or Unique Disability Identity card has been introduced by Government of India with a view of creating a National Database for PwDs, and to issue a Unique Disability Identity Card to each person with disabilities. Considering the UDID card and Rule 24(1)(g) of The Right of Persons with Disabilities Act, 2016, Government are pleased to order that family pension shall be sanctioned to physically disabled/ mentally challenged children without insisting Medical certificate prescribed as per G.O.(P)No.526/2003/Fin dated 09/10/2003 but based on the permanent UDID card if any produced to substantiate the disability subject to the following conditions:-

(i) Family pension shall be sanctioned to physically disabled/ mentally challenged children above 25 years, if they are suffering from congenital disorder and the name of the disabled child was included in any one of the following document

(a) Service Book/ e-service book.

(b) Form 5A prescribed in Rule 90(13) Part III KSR.

(c) Pension Payment Order/ e-Pension Payment Order of the pensioner.

(ii) Income limit prescribed vide order read 4th above for sanctioning family pension to Unmarried daughters above 25 years and Parents (Rs.60,000/- per annum) shall be made applicable for sanctioning family pension to physically disabled/mentally challenged children above 25 years.

(iii) For the continued payment of family pension such children entitled to the pension shall produce an annual certificate (in the form in Annexure II to Rule 90(6) of KSR Part III) from the Revenue Authority

along with Life Certificate at the treasury one year after the date of commencement of the family pension.

(iv) The family pension payable to such children shall be stopped if they start earning their livelihood or not furnishing Annual certificate (Annexure II) and Life Certificate.

(v) If the name of the disabled child was not included in the documents specified in (i) above, specific sanction from Government may be obtained before sanctioning family pension to such cases.

In the case of Temporary UDID Card holders, Medical Certificate as prescribed in Government Order read 1st above is mandatory for determining the eligibility of Family Pension. The above conditions are also applicable to them.

4. Necessary amendment to the Kerala Service Rules Part III will be issued separately.

(By order of the Governor)
**TIXY S. NELSON**
JOINT SECRETARY

To

(1) The Principal Accountant General (A&E), Kerala, Thiruvananthapuram.
(2) The Accountant General (Audit-II), Kerala, Thiruvananthapuram.
(3) All Additional Chief Secretaries/ Principal Secretaries/ Secretaries/ Special Secretaries/ Additional Secretaries/ Joint Secretaries/ Deputy Secretaries/ Under Secretaries to Government.
(4) Secretary to Governor, Raj Bhavan.
(5) The Private Secretary to Speaker/ Deputy Speaker of the Legislative Assembly.
(6) The Additional Secretary to the Chief Secretary.
(7) The Private Secretaries to the Chief Minister and other Ministers.
(8) The Private Secretary to the Leader of Opposition.
(9) All Heads of Departments/ Offices.

(10) All Departments and Sections of the Secretariat.

(11) The Director of Treasuries, Thiruvananthapuram.

(12) The Secretary, Kerala Public Service Commission, Thiruvananthapuram.

(13) The Registrar, High Court of Kerala, Ernakulam.

(14) The Registrar, Kerala Lok Ayuktha, Thiruvananthapuram.

(15) The Advocate General, Kerala, Ernakulam.

(16) The Secretary, Human Rights Commission, Thiruvananthapuram.

(17) The State Election Commissioner, Kerala, Thiruvananthapuram.

(18) The State Chief Information Commissioner.

(19) The Nodal Officer, www.finance.kerala.gov.in.

(20) The Web and New Media, Information and Public Relations Department.

(21) Stock File/ Office Copy (E-2093716)

Forwarded/ By Order

**Section Officer**